# INDIAN SCHOOL DARSAIT,2018

## DEPARTMENT OF MALAYALAM

### WORKSHEET GRADE – VI

Subject: Malayalam Topic : **അവധാരണം** Date of Worksheet : May 2018

Resource Person: Mrs. Geetha Unnikrishnan Date : ____________________

Name of the Student :_________________ Class & Division : _____ Roll Number : __

**S.No.**

**1.** താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

വിഭീഷണനും കുംഭകർണ്ണനും രാവണന്റെ സഹോദരന്മാരാണ്. കുംഭകർണ്ണൻ ആറുമാസക്കാലം ഉറക്കമാണ്. പിന്നെ ആറുമാസക്കാലം ഉണർന്നിരിക്കലും. ഇങ്ങനെ വന്നത് ഉച്ചാരണത്തിൽ വന്ന പിഴവുമൂലമാണ്. കുംഭകർണ്ണൻ ബ്രഹ്മാവിനെ തപസ്സു ചെയ്തു പ്രീതിപ്പെടുത്തി വരം ആവശ്യപ്പെട്ടു. 'നിർഭയത്വം' വേണം എന്നാണു ചോദിക്കാൻ ഉദ്ദേശിച്ചത്. അതായത് ദേവന്മാർ ഇല്ലാതാവണം. പക്ഷേ, പറഞ്ഞപ്പോൾ അതു 'നിദ്രാവത്വം' എന്നായിപ്പോയി. അതായത് ഉറക്കം വേണം. 'എപ്പോഴും അങ്ങനെയാവട്ടെ' എന്നു ദേവൻ വരം കൊടുത്തു. പിന്നീടാണ് തെറ്റുപറ്റി എന്നറിഞ്ഞത്. വരം നല്കിപ്പോയില്ലേ; അതു മാറ്റാൻ കഴിയില്ല. അതിനു പകരമായി ബ്രഹ്മാവ് പകുതി കാലം ഉറക്കം, പിന്നെ പകുതിക്കാലം ഉണർവ് എന്നാക്കിക്കൊടുത്തു. ഉച്ചാരണത്തിൽ തെറ്റു വരുത്തിയാൽ ഇതുപോലുള്ള പല അബദ്ധങ്ങളും പറ്റാനിടയുണ്ട്.

1. രാവണന്റെ സഹോദരന്മാർ ആരെല്ലാം?
2. കുംഭകർണ്ണൻ ആരെയാണ് തപസ്സുചെയ്തു പ്രീതിപ്പെടുത്തിയത്?
3. കുംഭകർണ്ണൻ എന്തു വരമാണ് ചോദിക്കാൻ ഉദ്ദേശിച്ചത്?
4. ബ്രഹ്മാവ് കുംഭകർണ്ണനു കൊടുത്ത വരമെന്ത്?
5. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ഒരു പേര് നൽകുക.

## WORKSHEET-2

2. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

ഒരിക്കൽ ഷേബയിലെ റാണി സോളമൻ രാജാവിനെ കാണാനെത്തി. രാജാവിൻെറ ബുദ്ധിശക്തിയെക്കുറിച്ച് കേട്ടറിഞ്ഞ് അതൊന്നു പരീക്ഷിക്കണം എന്നു കരുതിയാണ് റാണി എത്തിയത്. അനേകം സമ്മാനങ്ങളുമായാണ് റാണി വന്നത്. സ്വർണ്ണവും രത്നവും സുഗന്ധദ്രവ്യങ്ങളുമൊക്കെ ധാരാളം കരുതിയിട്ടുണ്ട്. അതിൽ രണ്ടു വിശേഷപ്പെട്ട പൂമാലകൾ ഉണ്ടായിരുന്നു. ഒന്ന് കൃത്രിമവും മറ്റൊന്ന് യഥാർത്ഥ പൂക്കൾ കോർത്ത് ഉണ്ടാക്കിയതുമായിരുന്നു. എന്നാൽ കാഴ്ചയിൽ ഒരു വ്യത്യാസവുമില്ല. പൂമാലകൾ അല്പമകലെ വച്ചിരിക്കുകയാണ്. അതിലേതുമാലയാണ് യഥാർത്ഥ പൂക്കൾകൊണ്ടുള്ള തെന്ന് രാജാവ് പറയണമെന്ന് റാണി ആവശ്യപ്പെട്ടു. അത്രയും അകലെ നിന്ന് അതു കണ്ടുപിടിക്കാൻ കഴിയുമായിരുന്നില്ല. അടച്ചിട്ടിരുന്ന മുറിയുടെ വാതിലുകൾ തുറക്കാൻ രാജാവ് പരിചാരകരോടു പറഞ്ഞു. പുറത്തെ പൂന്തോട്ടത്തിൽ നിന്ന് തേനീച്ചകൾ മുറി യിലേക്കു പറന്നെത്തി. അവ യഥാർത്ഥ പൂക്കളിൽ പോയിരുന്നു തേനുണ്ടോ എന്നു പരിശോധിക്കാൻ തുടങ്ങി. രാജാവ് ഒന്നും പറയാതെ തന്നെ താൻ പരാജയപ്പെട്ടി രിക്കുന്നുവെന്ന് റാണി സമ്മതിച്ചു.

1. ഷേബയിലെ റാണി സോളമൻ രാജാവിനെ കാണാനെത്തിയതെന്തിന്?
2. റാണി രാജാവിനെ കാണാൻ വന്നപ്പോൾ എന്താണ് കൊണ്ടു വന്നത്?
3. റാണി കൊണ്ടു വന്ന പൂമാലകളുടെ പ്രത്യേകത എന്തായിരുന്നു?
4. റാണി രാജാവിനോട് ആവശ്യപ്പെട്ടതെന്ത്?
5. ഈ കഥയ്ക്ക് ഉചിതമായ ഒരു തലക്കെട്ട് നല്കുക.